**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4340** **18-03-2025 - ൽ മറുപടിയ്ക്ക്**

**കൈത്തറി വികസന കോർപ്പറേഷനിലെ ജീവനക്കാരുടെ ശമ്പള കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷനിലെ ജീവനക്കാരുടെ എത്ര മാസത്തെ ശമ്പളം കുടിശ്ശികയായിട്ടുണ്ട്; വ്യക്തമാക്കുമോ; | (എ) | കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷനിലെ ജീവനക്കാരുടെ 5 മാസത്തെ ശമ്പളം നിലവിൽ കുടിശികയുണ്ട്. |
| (ബി) | ഈ ജീവനക്കാർക്ക് യഥാസമയം ശമ്പളം നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ശമ്പള കുടിശ്ശിക അടിയന്തരമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിയാണ് ശമ്പളം / വിരമിക്കൽ ആനുകൂല്യങ്ങൾ കുടിശികയാകാനുള്ള കാരണം. |
| (സി) | ജീവനക്കാരുടെ വിരമിക്കൽ ആനുകൂല്യങ്ങൾ യഥാസമയം നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) | സ്ഥാപനത്തിന്റെ സാമ്പത്തിക ബുദ്ധിമുട്ട് കാരണമാണ് വിരമിക്കൽ ആനുകൂല്യങ്ങൾ യഥാസമയം നൽകാതിരുന്നത്. എന്നാൽ ഈ സർക്കാർ ആദ്യമായി ജീവനക്കാരുടെ പി.എഫ് വിഹിതം ഉൾപ്പെടെയുള്ള സ്റ്റാറ്റ്യൂട്ടറി കുടിശികകൾ അടച്ചു തീർപ്പാക്കുന്നതിനായി നടപ്പു സാമ്പത്തിക വർഷം 175 ലക്ഷം രൂപ റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്. |
| (ഡി) | വിരമിച്ച ജീനക്കാരുടെ പി.എഫ്. വിഹിതം അടയ്ക്കാത്തതിനാൽ പെൻഷൻ ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | സ്ഥാപനത്തിന്റെ സാമ്പത്തിക ബുദ്ധിമുട്ട് കാരണമാണ് വിരമിക്കൽ ആനുകൂല്യങ്ങൾ യഥാസമയം നൽകാതിരുന്നത്. എന്നാൽ ഈ സർക്കാർ ആദ്യമായി ജീവനക്കാരുടെ പി.എഫ് വിഹിതം ഉൾപ്പെടെയുള്ള സ്റ്റാറ്റ്യൂട്ടറി കുടിശികകൾ അടച്ചു തീർപ്പാക്കുന്നതിനായി നടപ്പു സാമ്പത്തിക വർഷം 175 ലക്ഷം രൂപ റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ